(ബി) ഇപ്പോൾ പൂർത്തിയായി വരുന്ന റൺവെയുടെ ദൈർഘ്യം എത്രയാണ്;

(സി) കേന്ദ്ര സിവിൽ വ്യോമയാന മന്ത്രാലയം വിശദമായ പ്രോജക്ട് റിപ്പോർട്ട് അംഗീകരിച്ചിരുന്നുവോ എന്ന് വ്യക്തമാക്കാമോ;

(ഡി) കേന്ദ്ര സിവിൽ വ്യോമയാന മന്ത്രാലയം അംഗീകരിച്ചതു പ്രകാരമുള്ള റൺവെയുടെ ദൈർഘ്യം കുറക്കാനിടയായ സാഹചര്യമെന്താണെന്നു വിശദമാക്കമോ?

ഉത്തരം

(എ) കണ്ണൂർ വിമാനത്താവള നിർമ്മാണത്തിനുള്ള ഡി.പി.ആർ. അനുസരിച്ച് റൺവേയുടെ നീളം ഒന്നംഘട്ടത്തിൽ 3050 മീറ്ററും രണ്ടാംഘട്ടത്തിൽ 3400 മീറ്ററുമാണ്.

(ബി) ഇപ്പോൾ പൂർത്തിയായി വരുന്ന റൺവേയുടെ ദൈർഘ്യം 3050 മീറ്ററാണ്.

(സി) ഡി.പി.ആർ.-ന് ഡി.ജി.സി.എ.-യുടെ അനുമതി ആവശ്യമില്ല. എയർപോർട്ടിന്റെ മാസ്റ്റർ പ്ലാനും ഡി.പി.ആറും ഡി.ജി.സി.എ.-യ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

(ഡി) ഡി.ജി.സി.എ.-യ്ക്ക് സമർപ്പിച്ച മാസ്റ്റർ പ്ലാനിൽ കാണിച്ചിരിക്കുന്ന റൺവേ നീളത്തിൽ കുറവ് വരുത്തിയിട്ടില്ല.

കണ്ണൂർ എയർപോർട്ടിന്റെ പ്രോജക്ട് കോസ്റ്റ്

258 (235) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ എയർപോർട്ടിന്റെ പ്രോജക്ട് കോസ്റ്റ് മൊത്തം എത്ര കോടിയെന്നും ഭൂമിക്കു വേണ്ടിവരുന്ന തുക എത്രയെന്നും; എത്ര ഭൂമി ഇതിനകം അക്വയർ ചെയ്തിട്ടുണ്ടെന്നും അറിയിക്കുമോ;

(ബി) റൺവേയുടേയും എയർസൈഡ് വർക്കിന്റെയും എസ്റ്റിമേറ്റ് തുക എത്രയാണ്;

(സി) പാസഞ്ചർ ടെർമിനലിന്റെ എസ്റ്റിമേറ്റ് തുക, എസ്റ്റിമേറ്റ് ചെയ്ത റൺവേയുടെ നീളം, നിലവിലുള്ള നീളം എന്നിവ എത്രയെന്നും റൺവേയുടെ എത്ര ശതമാനം വർക്ക് പൂർത്തിയായിട്ടുണ്ടെന്നും അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എയർപോർട്ട് പദ്ധതിക്ക് ഭൂമി ഉൾപ്പെടെ ഇതിനകം സർക്കാർ ഖജനാവിൽ നിന്നും ഓരോ വർഷവും ചെലവഴിച്ച തുക എത്ര കോടി വീതമാണ്;

(ഇ) നിർദ്ദിഷ്ട എയർപോർട്ടിന്റെ വിഭാവനം ചെയ്തിട്ടുള്ള പൂർണ്ണ നിലയിലുള്ള മൊത്തം നിർമ്മാണ പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കുമോ;

(എഫ്) പദ്ധതി റിപ്പോർട്ട് പ്രകാരം, എയർപോർട്ട് കമ്മീഷൻ ചെയ്തതിന് ശേഷം ഓരോ വർഷവും പ്രതീക്ഷിക്കുന്ന റവന്യൂ വരുമാനം സംബന്ധിച്ച് വിശദമാക്കാമോ?

ഉത്തരം

(എ) കണ്ണൂർ എയർപോർട്ടിന്റെ നിർമ്മാണത്തിനായി പ്രതീക്ഷിക്കുന്ന പ്രോജക്ട് കോസ്റ്റ് മൊത്തം 1892 കോടിരൂപയാണ്. കണ്ണൂർ എയർപോർട്ടിന്റെ ഭൂമിക്ക് വേണ്ടിവരുന്ന തുക 690.09 കോടിരൂപയാണ്. ഇതുവരെയായി 1888 ഏക്കർ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്.

(ബി) എയർസൈഡ് വർക്ക് അതായത് റൺവേ, ഏപ്രൺ മുതലായവയുടെ എസ്റ്റിമേറ്റ് 700 കോടിരൂപയാണ്.

(സി) പാസഞ്ചർ ടെർമിനൽ ബിൽഡിംഗിന്റെ എസ്റ്റിമേറ്റ് 450 കോടിരൂപയും എസ്റ്റിമേറ്റ് ചെയ്ത റൺവേയുടെ നീളം 3050 മീറ്ററും ആണ്. റൺവേയുടെ നിർമ്മാണം 75 ശതമാനം പൂർത്തിയായി. 3400 മീറ്ററായി വർദ്ധിപ്പിക്കുവാനുള്ള സ്ഥലമേറ്റെടുക്കൽ നടപടി നടന്നുവരുന്നു.

(ഡി) ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് ചെലവാക്കിയ തുക

2007-08	500.00 ലക്ഷം രൂപ
2010-11	1500.00 ലക്ഷം രൂപ
2011-12	7281.00 ലക്ഷം രൂപ
2012-13	5746.00 ലക്ഷം രൂപ
2013-14	20802.02 ലക്ഷം രൂപ
2014-15	1044.00 ലക്ഷം രൂപ
2015-16	5980.04 ലക്ഷം രൂപ

LIBRARY ARCHIVES Kerala Legislative Assembly

കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള കമ്പനിക്ക് നൽകിയ തുക

2010-11 34.06 കോടി രൂപ

(ഇ) 2016 സെപ്റ്റംബറിൽ എയർപോർട്ടിന്റെ വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനമാരംഭിക്കാൻ ഉദ്ദേശിക്കുന്നു.

(എഫ്)

2016-17	സാമ്പത്തിക വർഷം	155.60 കോടിരൂപ
2017-18	സാമ്പത്തിക വർഷം	177.80 കോടിരൂപ
2018-19	സാമ്പത്തിക വർഷം	202.70 കോടിരൂപ
2019-20	സാമ്പത്തിക വർഷം	230.70 കോടിരൂപ
2020-21	സാമ്പത്തിക വർഷം	274.50 കോടിരൂപ
2021-22	സാമ്പത്തിക വർഷം	311.90 കോടിരൂപ
2022-23	സാമ്പത്തിക വർഷം	352.00 കോടിരൂപ
2023-24	സാമ്പത്തിക വർഷം	397.50 കോടിരൂപ
2024-25	സാമ്പത്തിക വർഷം	446.70 കോടിരൂപ
2025-26	സാമ്പത്തിക വർഷം	518.60 കോടിരൂപ
2026-27	സാമ്പത്തിക വർഷം	587.80 കോടിരൂപ
2027-28	സാമ്പത്തിക വർഷം	663.80 കോടിരൂപ

കണ്ണൂർ വിമാനത്താവളത്തിന്റെ നിർമ്മാണം

259 (236) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ വിമാനത്താവളത്തിന്റെ പാസഞ്ചർ ടെർമിനൽ, റൺവേ, ഏപ്രൺ , എയർ ട്രാഫിക് കൺട്രോൾ എന്നിവയുടെ നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും ഇവയുടെ നിർമ്മാണം എപ്പോൾ പൂർത്തീകരിക്കുമെന്നും അറിയിയ്ക്കുമോ?

ഉത്തരം

പാസഞ്ചർ ടെർമിനൽ ബിൽഡിംഗ്, എയർ ട്രാഫിക് എന്നിവ ഉൾപ്പെടുന്ന പ്രവൃത്തിയുടെ 498 കോടിരൂപയ്ക്കുള്ള കരാർ എൽ&ടി ബിൽഡിംഗ് ഡിവിഷന് നൽകിയിട്ടുണ്ട്. ഈ പ്രവൃത്തി 62 ശതമാനം പൂർത്തിയായി. 2016 സെപ്റ്റംബറിൽ പണി പൂർത്തീകരിക്കത്തക്ക രീതിയിൽ നിർമ്മാണം പുരോഗമിക്കുന്നു. റൺവേ, ഏപ്രൺ എന്നിവയുൾപ്പെട്ട ഇ.പി.സി.-1 പ്രവൃത്തി എൽ&ടി-ക്ക് (ഇൻഫ്രാസ്ട്രക്ചർ)ക്ക് 694 കോടിരൂപയ്ക്ക് കരാർ നൽകിയിട്ടുണ്ട്. ഈ പ്രവൃത്തി 75 ശതമാനം പൂർത്തിയായി. 2016 സെപ്റ്റംബറിൽ പണി പൂർത്തീകരിക്കത്തക്ക രീതിയിൽ പ്രവൃത്തി പുരോഗമിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly